2024
MAY
21
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## ബാങ്കുകൾക്ക് റെക്കോഡ് അറ്റാദായം




**കൊച്ചി:** മൂന്ന് ലക്ഷം കോടി രൂപയിലധികം അറ്റാദായം നേടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രാജ്യത്തെ ബാങ്കുകൾ റെക്കോഡ് പ്രകടനം കാഴ്ചവെച്ചു.


രാജ്യത്തെ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്ത പൊതുമേഖല, സ്വകാര്യ ബാങ്കുകളുടെ സംയോജിത ലാഭത്തിൽ 202324 വർഷത്തിൽ 39 ശതമാനം വർധനയാണുണ്ടായത്. മുൻവർഷം ബാങ്കുകളുടെ മൊത്തം അറ്റാദായം 2.2 ലക്ഷം കോടി രൂപയായിരുന്നു. അവലോകന കാലയളവിൽ 34 ശതമാനം 1.4 ലക്ഷം കോടി രൂപ കവിഞ്ഞു. 2018 സാമ്പത്തിക വർഷത്തിൽ 85,390 കോടി രൂപയുടെ നഷ്ടമാണ് പൊതുമേഖല ബാങ്കുകൾ നേരിട്ടത്.

പ്രമുഖ ബാങ്കുകളിൽ ബാങ്ക് ഒഫ് ഇന്ത്യ, ബാങ്ക് ഒഫ് മഹാരാഷ്ട്ര, ഇന്ത്യൻ ബാങ്ക് എന്നിവ 50 ശതമാനത്തിലധികം അറ്റാദായം കൈവരിച്ചു. പഞ്ചാബ് ആൻഡ് സിൻഡ് ബാങ്ക് ഒഴികെയുള്ള 11 ബാങ്കുകളും ലാഭത്തിൽ വർധന കൈവരിച്ചു. ഇക്കാലയളവിൽ 26 സ്വകാര്യ ബാങ്കുകളുടെ അറ്റാദായം 41 ശതമാനം ഉയർന്ന് 1.78 ലക്ഷം കോടി രൂപയായി.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കുകൾ തുടർച്ചയായി 2.5 ശതമാനം വർധിപ്പിച്ച് 6.5 ശതമാനമാക്കിയതാണ് ബാങ്കുകളുടെ അറ്റാദായം കൂടാൻ ഇടയാക്കിയത്. റിപ്പോ നിരക്ക് കൂടിയതോടെ ഭവന, വാഹന, വ്യക്തിഗത, കോർപ്പറേറ്റ് വായ്പകളെടുത്തവരുടെ പലിശ ബാധ്യതയിൽ രണ്ടര മുതൽ നാല് ശതമാനം വരെ വർധനയാണുണ്ടായത്. വായ്പകളുടെ പലിശ കുത്തനെ വർധിപ്പിച്ചെങ്കിലും ബാങ്കുകൾ നിക്ഷേപങ്ങളുടെ പലിശയിൽ സമാനമായ മാറ്റം വരുത്തിയിരുന്നില്ല. ഇതോടൊപ്പം ആഗോള ഫണ്ടുകളിൽ അധിക തുക കുറഞ്ഞ നിരക്കിൽ സമാഹരിക്കാനായതും ബാങ്കുകളുടെ ലാഭക്ഷമത ഉയർത്തി.

2024 സാമ്പത്തിക വർഷത്തിൽ മൂന്ന് ലക്ഷം കോടി രൂപയിലധികം അറ്റാദായം നേടിയ ഇന്ത്യൻ ബാങ്കിങ് മേഖലയുടെ നേട്ടം അഭിനന്ദനാർഹമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എൻഡിഎ അധികാരത്തിലെത്തുമ്പോൾ അത്യാസന്ന നിലയിലായിരുന്ന ബാങ്കിങ് മേഖലയ്ക്കാണ് മികച്ച നേട്ടമുണ്ടാക്കാൻ അവസരമൊരുക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കെട്ടിക്കിടക്കുന്നത് 20 ലക്ഷം ആർസി ബുക്ക് അപേക്ഷകൾ




**കോഴിക്കോട്:** അച്ചടിച്ചതിനുള്ള പ്രതിഫലം നൽകാത്തതിനാൽ പ്രസുകൾ പ്രിൻറിംഗ് നിർത്തിയതിനെത്തുടർന്ന് സംസ്ഥാനത്തു കെട്ടിക്കിടക്കുന്നത് ഇരുപതുലക്ഷത്തോളം ആർസി ബുക്കിനുള്ള അപേക്ഷകൾ.

ദിവസം 40,000 ആർസി ബുക്കുകൾ അച്ചടിക്കുമെന്നു മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിരാശയാണു ഫലം. പ്രസുകൾക്കു കുടിശിക നൽകാത്തതിനാൽ കഴിഞ്ഞ ഡിസംബർ മുതൽ ആർസി ബുക്ക് അച്ചടി നിർത്തിവച്ചിരിക്കുകയാണ്. 13.50 കോടി രൂപയാണു പ്രസുകൾക്കു നൽകാനുള്ളത്. ആർസി ബുക്ക് അയച്ച ഇനത്തിൽ തപാൽ വകുപ്പിനു നൽകാനുള്ളത് അഞ്ചു കോടിയും. കഴിഞ്ഞ ആറുമാസമായി പണം നൽകുന്നില്ല.

സർക്കാരിൻറെ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിനു കാരണമായി പറയുന്നത്. വാങ്ങുന്ന വാഹനത്തിനു യഥാസമയം ആർസി ബുക്ക് ലഭിക്കാത്തതിനാൽ ലക്ഷക്കണക്കിനു ആർസി ട്രാൻസ്ഫർ അപേക്ഷകളാണ് പ്രിൻറ് ചെയ്യാതെ കെട്ടിക്കിടക്കുന്നത്.

ടാക്സി വാഹനങ്ങൾക്ക് അടക്കം ആർസി ബുക്ക് ലഭിക്കാത്തതിനാൽ സർവീസ് നിർത്തിവയ്ക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ലക്ഷക്കണക്കിന് ആർസി ഉടമകൾ വഴിയാധാരമായി. ഒരു ടാക്സി വാഹനം അദർ സ്റ്റേറ്റ് പെർമിറ്റ് എടുത്ത് ട്രിപ്പ് നടത്തണമെങ്കിൽ ആർസി ബുക്ക് സബ്മിറ്റ് ചെയ്ത് വേണം താത്കാലിക പെർമിറ്റ് എടുക്കാൻ. അതിനു സാധിക്കാത്ത സാഹചര്യമാണു നിലനിൽക്കുന്നത്. ഇൻഷ്വറൻസ്, ഫിറ്റ്നസ് എന്നിവയ്ക്ക് ഈ സാഹചര്യത്തിൽ ഭീമമായ തുക കണ്ടെത്താൻ കഴിയാതെ ഉടമകൾ പ്രതിസന്ധിയിലാണ്. ഇൻഷ്വറൻസ് നെയിം ട്രാൻസ്ഫർ ചെയ്താൽ മാത്രമേ വാഹന ഉടമകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. യഥാസമയം ആർസി ബുക്ക് ലഭിക്കാത്തതിനാൽ ഇൻഷ്വറൻസ് നെയിം ട്രാൻസ്ഫറും നടക്കുന്നില്ല.വാഹന കച്ചവടക്കാർ വാങ്ങി വില്പന നടത്തിയിട്ടുള്ള വാഹനങ്ങളുടെ ആർസികൾ ഉടമസ്ഥർക്ക് ലഭിക്കാത്തതുകാരണം വാഹന കച്ചവട സ്ഥാപനങ്ങളിൽ കയറി വാഹന ഉടമകൾ ബുദ്ധിമുട്ടുകയാണെന്ന് യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് ആൻഡ് ബ്രോക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡൻറ് എയർലൈൻ അസീസ് പറഞ്ഞു. സംസ്ഥാന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ആർടിഒ ഓഫീസുകൾക്കുമുന്നിൽ ഇന്ന് മാർച്ച് നടത്തുമെന്ന് അദ്ദേഹം അറിയിച്ചു.

## റബർ വില ഉയരുന്നു; കർഷകർക്ക് പ്രതീക്ഷ



**കൊച്ചി:** രാജ്യാന്തര തലത്തിൽ റബർ വില രണ്ടു മാസത്തിനുശേഷം 200 രൂപ പിന്നിട്ടു. പ്രകൃതിദത്ത റബറിൻറെ മുൻനിര ഉത്പാദകരായ തായ്‌ലൻഡിലെ അപ്രതീക്ഷിത കാലാവസ്ഥാ വ്യതിയാനം ഉത്പാദനത്തെ ബാധിക്കുന്നതാണ് കാരണം. അന്താരാഷ്ട്ര വിലയുടെ ചുവടുപിടിച്ച് കേരളത്തിലും വിലയിൽ ഉയർച്ച കണ്ടുതുടങ്ങിയിട്ടുണ്ട്. നാലാം ഗ്രേഡ് ഷീറ്റ് 180183 നിരക്കിലാണ് വിൽപ്പന.അതേസമയം, വില കൂടുമ്പോൾ കനത്ത മഴ കാരണം പല തോട്ടങ്ങളിലും ടാപ്പിങ് നിലച്ച അവസ്ഥയാണ്. ജൂണിൽ കാലവർഷം എത്തുന്നതോടെ ഇതു നീളും.

കടുത്ത വേനലിൽ കേരളത്തിലെ തോട്ടങ്ങളിൽ ഉത്പാദനം പകുതിയോളം ചുരുങ്ങിയതിനാൽ കർഷകരുടെ പക്കൽ വിറ്റഴിക്കാനുള്ള സ്റ്റോക്കും താരതമ്യേന കുറവ്. ഇതിനൊപ്പം വിലയിലും കുറവു വന്നതോടെ കർഷകർ നിരാശയിലായിരുന്നു.രാജ്യാന്തര വില ഇനിയും കൂടിയേക്കുമെന്ന നിഗമനങ്ങളാണ് വിപണിയിൽ നിന്ന് വരുന്നത്. ബാങ്കോക്ക് വില നിലവിൽ 205 രൂപയാണ്. രണ്ടു മാസത്തിനകം 220230 നിരക്കിലേക്ക് വില എത്തുമെന്നാണ് പ്രതീക്ഷ. തായ്‌ലൻഡിൽ റബർ ഉത്പാദനത്തിൽ 810 ശതമാനം വരെ കുറവുണ്ടാകുമെന്ന വിലയിരുത്തലുകൾ പുറത്തുവരുന്നുണ്ട്. കനത്ത വരൾച്ചയ്ക്കു ശേഷം രാജ്യത്തിൻറെ പലഭാഗത്തും മഴ ശക്തമായതും തായ്‌ലൻഡിൻറെ ഉത്പാദനത്തെ ബാധിക്കുന്നുണ്ട്. ക്രൂഡ് ഓയിൽ വില വലിയതോതിൽ കുറയാതെ നിൽക്കുന്നതും രാജ്യാന്തര തലത്തിൽ റബറിന് വരും നാളുകളിൽ മൂല്യം ഉയർത്തും.

ഇന്ത്യൻ ടയർ നിർമാതാക്കൾ ആഭ്യന്തര വിലയിടിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും രാജ്യാന്തര വില ഉയരുന്നത് ഇവരുടെ ശ്രമങ്ങളെ ബാധിച്ചു. രാജ്യാന്തര വിലയിൽ ഉണ്ടാകുന്ന വർധനയ്ക്ക് ആനുപാതികമായി ഇന്ത്യയിലും വില കൂടുന്നതാണ് പൊതുപ്രവണത. ഇറക്കുമതി ലാഭകരമല്ലാത്തതിനാൽ പ്രാദേശിക മാർക്കറ്റിൽ നിന്ന് റബർ ശേഖരിക്കാൻ ടയർ നിർമാതാക്കൾ കൂടുതൽ താത്പര്യം കാണിക്കുന്നതാണ് ഇതിനു കാരണം.

ഇടത്തരം കർഷകർ കൊവിഡ് മഹാമാരിക്കു ശേഷം റബർ ഷീറ്റാക്കി മാറ്റുന്നത് കുറച്ചിട്ടുണ്ടെന്നാണ് ഈ രംഗത്തുള്ളവർ പറയുന്നത്. റബർ പാലായി തന്നെ വാങ്ങാൻ കൂടുതൽ കമ്പനികൾ രംഗത്തു വന്നതാണ് ഇതിനു കാരണം. കൊവിഡ് കാലത്ത് കൈയുറകൾക്കും മറ്റ് ആശുപത്രി ഉപകരണങ്ങൾ നിർമിക്കുന്നതിനുമായി റബർ പാലിന് വലിയ തോതിൽ ആവശ്യകത വന്നിരുന്നു.

റബർ പാൽ സംഭരിച്ചു വിൽക്കാൻ തുടങ്ങിയ കർഷകർ കൊവിഡ് മാറിയ ശേഷവും ഈ രീതി തുടരുകയാണ്. ഷീറ്റാക്കി മാറ്റുന്നതുമായി താരതമ്യം ചെയ്യുമ്പോൾ അധ്വാനം പാതിയായി കുറഞ്ഞു. തോട്ടങ്ങളിലെത്തി പാൽ ശേഖരിക്കുന്ന കമ്പനികൾ നാട്ടിൻപുറങ്ങളിൽ ഉൾപ്പെടെ സജീവമായതും ശൈലിമാറ്റത്തിന് വഴിയൊരുക്കി. ഷീറ്റാക്കി വിൽക്കുന്നതുമായി തട്ടിച്ചു നോക്കുമ്പോൾ പണം കൈയിലെത്താൻ 20 ദിവസം വരെ കാലതാമസം വരുമെന്നതാണ് പാൽ വിൽപ്പനയിലെ പ്രധാന പ്രതിസന്ധി.





വിഎച്ച്പിയുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ പുഴക്കര കാവിന് സമീപമുള്ള വി.എച്ച്.പി ജില്ലാ കാര്യാലയം കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന ഹെൽപ് ഡെസ്ക് വിഎച്ച്പി സംസ്ഥാന ജോയിന്റ് ട്രഷറർ വി ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.

## ഹിന്ദു ഹെൽപ് ഡെസ്ക് പ്രവർത്തനം തുടങ്ങി

**കൊച്ചി:** ഹിന്ദുക്കൾക്ക് സഹായഹസ്തവുമായി വിശ്വ ഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ഹിന്ദു ഹെൽപ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. മൂവാറ്റുപുഴ പുഴക്കര കാവിന് സമീപമുള്ള വി.എച്ച്.പി ജില്ലാ കാര്യാലയം കേന്ദ്രീകരിച്ച് ആരംഭിച്ചിരിക്കുന്ന ഹെൽപ് ഡെസ്ക് വിഎച്ച്പി സംസ്ഥാന ജോയിന്റ് ട്രഷറർ വി ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ഹിന്ദുക്കൾക്ക് ആവശ്യമായ സഹായം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഹെൽപ് ഡസ്ക് പ്രവർത്തിക്കുകയെന്ന് വി ശ്രീകുമാർ പറഞ്ഞു. പ്രസിഡന്റ് കെ.ജി. രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി എം കെ ജോഷി, ജില്ലാ സേവാ പ്രമുഖ് സതീശ് പുതിയേത്ത് , ധർമ്മ പ്രസാർ പ്രമുഖ് പി കെ രാധാകൃഷ്ണ പിള്ള, പ്രഖണ്ഡ് വൈസ് പ്രസിഡന്റ ടി കെ രാജൻ, മാതൃശക്തി സംസ്ഥാന ടോളി അംഗം ലളിത ശ്രീകുമാർ , ജില്ലാ സംയോജിക ഗംഗ രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

## പ്രസ് ക്ലബ്ബ് അവധിക്കാല ക്യാമ്പ് തുടങ്ങി

**കൊച്ചി:** എറണാകുളം പ്രസ് ക്ലബ്ബ്, കോഗ്നിസൻസ് അക്കാദമിയുമായി സഹകരിച്ച് അംഗങ്ങളുടെ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന അവധിക്കാല ക്യാമ്പ് തുടങ്ങി. വേദിക് മാത് ആൻഡ് പബ്ലിക് സ്പീക്കിങ് വിഷയത്തിൽ നടക്കുന്ന ത്രിദിന ക്യാമ്പ് പ്രസ് ക്ലബ്ബിന്റെ ഫോർത്ത് എസ്റ്റേറ്റ് ലോഞ്ചിൽ നടന്ന ചടങ്ങിൽ ചെസ് ഫെഡറേഷൻ നാഷണൽ ആർബിറ്റർ കമ്മീഷൻ അംഗം ശുഭ രാകേഷ് ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ആർ. ഹരികുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും എക്സിക്യൂട്ടീവ് അംഗം അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു. ടി.എസ്. സുമേഷ്, ജയ്മോൻ ജോസഫ്, പി.ആർ. രാജേഷ്, സുഗീവ്രാജ്, മുജീബ് റഹ്മാൻ എന്നിവർ സംബന്ധിച്ചു. ക്യാമ്പ് ബുധനാഴ്ച സമാപിക്കും.

## മുത്തൂറ്റ് ഫിനാൻസ് 65 കോടി ഡോളർ സമാഹരിച്ചു

**കൊച്ചി:** സ്വർണ്ണവായ്പ കമ്പനിയായ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ഡോളർ ബോണ്ട് വഴി 65 കോടി ഡോളർ സമാഹരിച്ചു. ഏകദേശം 5400 കോടി രൂപ വരുമിത്. മൂന്ന് വർഷവും ഒൻപത് മാസവും കാലാവധിയുള്ള ബോണ്ടുകൾ വഴി 7.125 ശതമാനം പലിശ നിരക്കിലാണ് ഫണ്ട് സമാഹരിച്ചത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എക്സ്റ്റേണൽ കൊമേഴ്സ്യൽ ലോണിംഗ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് കീഴിൽ അനുവദനീയമായ വായ്പ നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി സമാഹരിച്ച ഫണ്ട് ഉപയോഗിക്കുമെന്ന് മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.170 ലധികം അന്താരാഷ്ട്ര നിക്ഷേപകരുടെ പങ്കാളിത്തതോടെ ഓഡർ ബുക്കിങ് 180 കോടി ഡോളറായി ഉയർന്നു. ബോണ്ടിന് ഇന്റർനാഷണൽ ക്രെഡിറ്റ് റേറ്റിങ് ഏജൻസീസായ എസ്.ആൻഡ് പി,ഫിച്ച് എന്നിവയുടെ ബിബി/ സ്റ്റേബിൾ ഉണ്ട്. 1933ലെ യു.എസ് സെക്യൂരിറ്റീസ് ആക്ടിന് കീഴിലുള്ള റൂൾ 144എ അനുസരിച്ചായിരുന്നു ഇഷ്യൂ.

മുത്തൂറ്റ് ഫിനാൻസ് 2019ൽ 450 മില്യൺ ഡോളറും 2020ൽ 550 മില്യൺ ഡോളറും സമാഹരിച്ചിട്ടുണ്ട്.യഥാക്രമം 2022, 2023 വർഷങ്ങളിലെ നിശ്ചിത തീയതികളിൽ തിരിച്ചടച്ചിരുന്നു. പോസിറ്റീവായ നിക്ഷേപക പ്രതികരണമാണ് ബോണ്ടിന് ലഭിച്ചതെന്ന ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.




# മധുര പ്രതിരോധം പദ്ധതിയുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഗർഭകാല പ്രമേഹം (ജസ്റ്റേഷണൽ ഡയബറ്റിക് മെലിറ്റസ് ജി.ഡി.എം) ബാധിച്ച വനിതകളിൽ പ്രസവ ശേഷമുള്ള പ്രമേഹ സാധ്യതകൾ കുറക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'മധുര പ്രതിരോധം' പദ്ധതിക്ക് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ തുടക്കമായി. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ) 1.32 കോടി രൂപ ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ആസ്റ്റർ മെഡ്സിറ്റിയിൽ നടന്ന ചടങ്ങിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോകനാഥ് ബഹ്റ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.എറണാകുളം ജില്ലയിലെ ഗ്രാമീണ മേഖലയിലെ സ്ത്രീകളെ ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി ജീവിത ശൈലിയിൽ കൊണ്ടുവരുന്ന മാറ്റങ്ങളിലൂടെ പ്രസവത്തിന് ശേഷം പ്രമേഹത്തെ പ്രതിരോധിക്കാൻ സാധിക്കും. പ്രസവാനന്തര കാലയളവിൽ ആരോഗ്യകരമായ ജീവിത ശൈലി നയിക്കാൻ ഗ്രാമീണ മേഖലയിലെ ഗർഭകാലത്ത് പ്രമേഹ ബാധിതരായ രണ്ടായിരത്തോളം അമ്മമാർക്കും അവരുടെ കുടുംബങ്ങൾക്കും പരിശീലനം നൽകും. പോഷകസമൃദ്ധമായ ഭക്ഷണം, സമ്മർദ്ദ നിയന്ത്രണം തുടങ്ങിയ ജീവിതശൈലിയിലെ മാറ്റത്തിലൂടെ കുടുംബാംഗങ്ങളുടെ പിന്തുണയോടെ അമ്മമാരിലെ ഗർഭകാല പ്രമേഹത്തെ പ്രതിരോധിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജി.ഡി.എമ്മിനെ കുറിച്ചുള്ള സമഗ്രമായ ചെറുപുസ്തകം പ്രകാശനം ചെയ്തു. കൊച്ചി ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ അഫയേഴ്സ് ഡയറക്ടർ ഡോ. ടി. ആർ ജോൺ പദ്ധതിയുടെ ലോഗോ പ്രകാശനം നടത്തി. ഡോ. ഉമാ വി. ശങ്കർ പദ്ധതിയുടെ വിശദീകരണം നടത്തി.ആസ്റ്റർ മെഡ്സിറ്റി സീനിയർ ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി ആന്റ് ഐ.വി.എഫ് കൺസൾട്ടന്റ് ഡോ. ഷമീമ അൻവർ സാദത്ത്, എൻഡോക്രൈനോളജി കൺസൾട്ടന്റ് ഡോ. വി.പി വിപിൻ, നിയോനാറ്റോളജി കൺസൾട്ടന്റ് ഡോ. രാജശ്രീ, ന്യൂറോ സൈക്കോളജിസ്റ്റ് ഡോ. സന്ധ്യ ചെർക്കിൽ, സീനിയർ ക്ലിനിക്കൽ ഡയറ്റീഷ്യൻ നിബി അൽഫോൻസ തുടങ്ങിയ വിദഗ്ധർ ഗർഭകാല പ്രമേഹം, അതിന്റെ അപകട സാധ്യതകൾ, ചികിത്സാ ഓപ്ഷനുകൾ, ഭക്ഷണത്തിന്റെയും ശാരീരിക പ്രവർത്തനങ്ങളുടെയും പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾക്ക് നേതൃത്വം നൽകി.ഐ.സി.എം.ആർ പ്രോജക്ട് സയന്റിസ്റ്റ് ഡോ. മായ ചാക്കോ, ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. സറീന എ. ഖാലിദ്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അനൂപ് ആർ. വാര്യർ, സർജിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ജെം കളത്തിൽ, ഓർത്തോപീഡിക് സർജറി സീനിയർ കൺസൾട്ടന്റ് ഡോ. എസ്.വിജയ മോഹൻ, ആസ്റ്റർ മെഡ്സിറ്റി കൊച്ചി ചീഫ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ, ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ ചീഫ് നഴ്സിംഗ് ഓഫീസർ ക്യാപ്റ്റൻ ഡോ. തങ്കം രാജരത്നം തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു

## കാഴ്ച പരിമിതർക്ക് നീന്തൽ പരിശീലനം ഒരുക്കി

**കണ്ണൂർ:** കണ്ടു നിന്നവർക്ക് കൗതുകവും അത്ഭുതവുമൊരുക്കി കാഴ്ച പരിമിതരുടെ നീന്തൽ പരിശീലനം സമാപിച്ചു. അന്ധരായ യുവാക്കൾ നീന്തുന്നത് കണ്ട് ചുറ്റും നിന്നവർ മൂക്കത്ത് വിരൽ വെച്ച് അത്ഭുതപ്പെട്ടു. ശരിക്കും ഒരു അത്ഭുതം തന്നെയായിരുന്നു ഈ നീന്തൽ പരിശീലനം. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻറ് സംസ്ഥാന യൂത്ത് ഫോറവും കണ്ണൂർ ജില്ലാ യൂണിറ്റും ഇക്ക്യൂബീൻ ഫൗണ്ടേഷനും ചേർന്നാണ് കാഴ്ച പരിമിതർക്കുള്ള നീന്തൽ പരിശീലനം സംഘടിപ്പിച്ചത്. കണ്ണൂരിലെ പിണറായിയിലായിരുന്നു പരിശീലനം. മലപ്പുറത്ത് നിന്നുള്ള കെ മുർഷിദ്, പി മു



ഹമ്മദ് സാദിഖലി, മൻസൂർ, പാലക്കാട് നിന്നുള്ള ഷെബീർ. കെ എ ഷെഫീക്ക്, ലെനിൻ, മുഹമ്മദ് ഷാലിഖ്, കെ അനസ്, മുഹമ്മദ് ഷാ, ജിഷ്ണു ഗോപാൽ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. പിണറായി എരുവെട്ടി കോഴൂരിലെ കളരി ഗുരുക്കളും യോഗ അദ്ധ്യാപകനുമായ എം. പ്രകാശനായിരുന്നു പരിശീലകൻ. പത്ത് ദിവസമായിരുന്നു പരിശീലനം ഒരുക്കിയത്. യൂത്ത് ഫോറം സംസ്ഥാന ജോയിൻറ് സെക്രട്ടറി കെ ടി സാരംഗ്, കെ എഫ് ബി ജില്ലാ പ്രസിഡൻറ് എം എം സാജിദ്, യൂത്ത് ഫോറം സെക്രട്ടറി പി ആർ രാജേഷ്, അരുണിമ, എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്. നീന്തൽ പരിശീലനത്തിന് പുറമെ ക്യാമ്പിൽ പങ്കെടുത്തവർക്ക് തലശ്ശേരി ബ്രണ്ണൻ കോളേജ് ഓപ്പൺ ഓഡിറ്റോറിയത്തിൽ കരാട്ടെ പരിശീലകൻ സി എൻ മുരളി കാഴ്ച പരിമിതർക്ക് കരാട്ടെ പരിശീലനവും നൽകി.



അമൃത ആശുപത്രിയിൽ സംഘടിപ്പിച്ച 15മത് ദേശീയതല ഇന്ത്യൻ നാഷണൽ ബ്രെയിൻ ബീ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ ശ്രേഷ്ഠ പോട്ടാബാതിനി ട്രോഫിയുമായി. ഡോ.പ്രേം നായർ, ഡോ.ഫസൽ ഗഫൂർ, ഡോ. വിനയൻ കെ.പി തുടങ്ങിയവർ സമീപം

# ഇന്ത്യൻ നാഷണൽ ബ്രെയിൻ ബ്രീ ചാമ്പ്യൻഷിപ്പിൽ ശ്രേഷ്ഠ ഒന്നാമത്

**കൊച്ചി:** അമൃത ആശുപത്രിയുടെയും കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റിന്റെയും (കെഎഎൻ) നേതൃത്വത്തിൽ സംഘടിപ്പിച്ച 15മത് ദേശീയതല ഇന്ത്യൻ നാഷണൽ ബ്രെയിൻ ബീ ചാമ്പ്യൻഷിപ്പിൽ ശ്രേഷ്ഠ പോട്ടാബാതിനി ഒന്നാമതെത്തി. മുംബൈ കിഷൻചന്ദ് ചെല്ലാറാം കോളേജിലെ പ്ലസ്ടു വിദ്യാർത്ഥിനിയാണ്. ബംഗളൂരു നാഷണൽ പബ്ലിക് സ്കൂളിലെ ആർത്രേയ വെങ്കടാചലം രണ്ടാം സ്ഥാനവും കൊൽക്കത്തയിലെ ഡൽഹി പബ്ലിക് സ്കൂൾ വിദ്യാർത്ഥി സുൺഫ്രീത് പ്യാരിയ മൂന്നാം സ്ഥാനവും നേടി.

രണ്ട് ദിവസങ്ങളിലായി കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ഫൈനൽ മത്സരത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 13 റീജിയണൽ ഫൈനലിസ്റ്റുകളാണ് മാറ്റുരച്ചത്. ഹോട്ടൽ ഹോളിഡേ ഇന്നിൽ നടന്ന സമ്മാനദാനച്ചടങ്ങിൽ ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ സി ഗോവിന്ദ്, കേരള അസോസിയേഷൻ ഓഫ് ന്യൂറോളജിസ്റ്റ്സ് പ്രസിഡന്റ് ഡോ.എം പ്രദീപ്, നിയുക്ത പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ, അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ, പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. വിനയൻ കെ.പി, ഡോ. ഹരിദാസ് വി. ടി, ഡോ.പി ശ്രീകുമാർ, രവീന്ദ്രനാഥ് തുടങ്ങിയവർ സംസാരിച്ചു.

ക്വിസ്, ഡോക്ടർമാരുമായുള്ള കൂടിക്കാഴ്ച, സ്കിൽ ടെസ്റ്റ്, എഴുത്തു പരീക്ഷ, എന്നിങ്ങനെ നാല് റൗണ്ടുകളായിട്ടായിരുന്നു മത്സരം. അമൃത ആശുപത്രിയിലെ ന്യൂറോളജി വിഭാഗം ഡോക്ടർമാരുടെ നേതൃത്വത്തിൽ മത്സരാർത്ഥികൾക്കായി പരിശീലനക്ലാസും നടത്തി. യുവതലമുറയിൽ ന്യൂറോ സയൻസിലെ ഗവേഷണസാദ്ധ്യതകളെയും വെല്ലുവിളികളെയും കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് രാജ്യമെമ്പാടുമുള്ള പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചത്.

# തൈറോയ്ഡ് ക്യാൻസർ:ഏകദിന മെഡിക്കൽ സമ്മേളനം സംഘടിപ്പിച്ചു

**തിരുവനന്തപുരം:** തൈറോയ്ഡ് ക്യാൻസറുമായി ബന്ധപ്പെട്ട് കിംസ് ഹെൽത്ത് ക്യാൻസർ സെന്റർ 'തൈറോയ്ഡ് സിഎ അപ്ഡേറ്റ് 2024' എന്ന പേരിൽ ഏകദിന മെഡിക്കൽ സമ്മേളനം സംഘടിപ്പിച്ചു. രജിക്കൽ ഓങ്കോളജിസ്റ്റായ ഡോ. നാരായണൻ ആർ നയിച്ച സമ്മേളനത്തിൽ 150ഓളം വിദഗ്ദ്ധർ പങ്കെടുത്തു. റോബോട്ടിക് തൈറോയ്ഡക്ടമി ഉൾപ്പെടെയുള്ള പുതിയ ശസ്ത്രക്രിയാ സാങ്കേതികവിദ്യകളും തൈറോയ്ഡ് നോഡ്യൂളുകളുടെ അമിത രോഗനിർണ്ണയവും പരിപാടിയിൽ ചർച്ച ചെയ്തു.ഇന്ത്യയിലെ തൈറോയ്ഡ് ക്യാൻസർ ബാധിതരിൽ കേരളം രണ്ടാം സ്ഥാനത്തെത്തിയത് സമ്മേളനം ഗൗരവമായി ചർച്ച ചെയ്തു. അമിത രോഗനിർണ്ണയമാകാം ഈ വർദ്ധനവിന് കാരണമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. 2024ൽ അമേരിക്കൻ തൈറോയ്ഡ് അസോസിയേഷൻ പ്രസിദ്ധീകരിക്കാൻ പോകുന്ന തൈറോയ്ഡ് ക്യാൻസർ മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അമിത രോഗനിർണ്ണയവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത നൽകുമെന്ന് വിദഗ്ദ്ധർ പ്രതീക്ഷിക്കുന്നത്. ഡോ. ഗൗരി പന്തവൈദ്യ (ടാറ്റ മെമ്മോറിയൽ ഹോസ്പിറ്റൽ, മുംബൈ), ഡോ. അരവിന്ദ് കൃഷ്ണമൂർത്തി, ഡോ. വെങ്കടേഷ് വി (അഡയാർ കാൻസർ സെന്റർ, ചെന്നൈ), ഡോ. സന്ദീപ് നായക് (ഫോർട്ടിസ് ഹോസ്പിറ്റൽ, ബാംഗ്ലൂർ), ഡോ.എം.ജെ.പോൾ (സിഎംസി വെല്ലൂർ), ഡോ.ബിപിൻ ടി വർഗീസ് (ആർ.സി.സി., തിരുവനന്തപുരം) തുടങ്ങി നിരവധി വിദഗ്ദ്ധർ സമ്മേളനത്തിൽ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. അതോടൊപ്പം കേസ് അടിസ്ഥാനമാക്കിയുള്ള പാനലുകളിലൂടെയും സംവാദങ്ങളിലൂടെയും തൈറോയ്ഡ് ക്യാൻസർ ചികിത്സയുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും ചർച്ചകൾ നടന്നു.

## എലിപ്പനിയ്ക്കെതിരെ അതീവ ജാഗ്രത വേണം

തിരുവനന്തപുരം: കനത്ത മഴ പെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ എലിപ്പനിയ്ക്കെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.കെട്ടിക്കിടക്കുന്ന മഴവെള്ളത്തിൽ ഇറങ്ങുകയോ കളിക്കുകയോ കുളിക്കുകയോ കൈ കാലുകളും മുഖവും കഴുകുകയോ ചെയ്യാൻ പാടില്ല. എലി, അണ്ണാൻ, പൂച്ച, പട്ടി, മുയൽ, കന്നുകാലികൾ തുടങ്ങിയവയുടെ വിസർജ്ജ്യങ്ങൾ കലർന്ന ജലവുമായി സമ്പർക്കം ഉണ്ടാകുന്നതും രോഗാണു കലർന്ന ആഹാരവും വെള്ളവും ഉപയോഗിക്കുന്നതും എലിപ്പനിയ്ക്ക് കാരണമാകും.വെള്ളപ്പൊക്കത്തിൽ അകപ്പെടുന്നവർ, രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നവർ,മാധ്യമ പ്രവർത്തകർ, കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഓടകളിലും ഇറങ്ങി ജോലിചെയ്യുന്നവർ, മൃഗങ്ങളെ പരിപാലിക്കുന്നവർ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങി രോഗ സാദ്ധ്യത കൂടിയവർ നിർബന്ധമായും ഡോക്ടറുടെ നിർദ്ദേശ പ്രകാരം പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ കഴിക്കണം. ഡോക്സിസൈക്ലിൻ എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും.

# കർഷകരുടെ നട്ടെല്ല് തകർത്ത് പക്ഷിപ്പനി; ദയാവധത്തിനു വിധേയമായത് 15,000 താറാവുകൾ

**തിരുവല്ല:** അപ്പർകുട്ടനാട്ടിലെ താറാവ് കർഷകർക്ക് വലിയ തിരിച്ചടിയായി മാറുകയാണ് പക്ഷിപ്പനി.

ഇതേവരെ 15,000 ഓളം താറാവുകളെ കൊന്നൊടുക്കി. സമീപ സ്ഥലങ്ങളിൽനിന്നും അയച്ച സാമ്പിളുകളുടെ ഫലം കർഷകരെ അലട്ടുന്നുണ്ട്. അത് പ്രതികൂലമായാൽ ഇനിയും പക്ഷികളെ കൊല്ലേണ്ടി വരും. സമീപകാലത്തെങ്ങും ഉണ്ടാകാത്ത പ്രതിസന്ധിയാണ് അപ്പർകുട്ടനാട്ടിലെ കർഷകരെ ബാധിച്ചിരിക്കുന്നത്.

വർഷംതോറും ഉണ്ടാവുന്ന രോഗബാധ താറാവ് വളർത്തൽ മേഖലയ്ക്ക് വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കിയിരുന്നത്. ഇക്കൊല്ലം അതു കുറെക്കൂടി രൂക്ഷമാക്കി. ചെറുതും വലുതുമായ കർഷകരെ പ്രതിസന്ധി ബാധിച്ചു.

രോഗം ബാധിച്ച താറാവു കൂട്ടത്തെ നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് കൊല്ലുകയാണ് പ്രതിവിധി. കൊന്ന താറാവിൻറെ കണക്ക് വച്ച് കർഷകർക്ക് നഷ്ടപരിഹാരവും നൽകും. പക്ഷേ രോഗബാധ സർക്കാർ പരിശോധനാ കേന്ദ്രം സ്ഥിരീകരിക്കേണ്ടതുണ്ട്. രോഗം സ്ഥിരീകരിക്കാതെ താറാവുകളെ കൊന്നാൽ നഷ്ടപരിഹാരവും ലഭിക്കില്ല. അതുവരെ ഇവയ്ക്ക് തീറ്റയും നൽകേണ്ടി വരും.



അപ്പർകുട്ടനാട്ടിലെ കർഷകർക്കു നെൽക്കൃഷിക്കു പുറമേയുള്ള പ്രധാന ജീവനോപാധിയാണ് താറാവുകൃഷി. വീടുകളിൽ താറാവിനെ വളർത്തി ചെറുകിട കച്ചവടം നടത്തുന്ന നിരവധി വീട്ടമ്മമാരുടെയും കുടുംബ ബജറ്റിനെ പക്ഷിപ്പനി താളം തെറ്റിക്കുകയാണ്.താറാവ്, കോഴി എന്നിവയുടെ മുട്ടയും ഇറച്ചിയും വില്പന നടത്തിയാണ് ഇവർ വരുമാനം കണ്ടെത്തിയിരുന്നത്.



# സംസ്കൃത സർവ്വകലാശാലയിൽ നാല് വർഷ ബിരുദ പ്രവേശനം; അവസാന തീയതി ജൂൺ ഏഴ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും പുതുതായി ആരംഭിക്കുന്ന നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. സംസ്കൃതംസാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം, സംസ്കൃതം ന്യായം, സംസ്കൃതം ജനറൽ, സംഗീതം , ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) എന്നിവയാണ് നാല് വർഷ ബിരുദ സമ്പ്രദായത്തിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾ. ഇവ കൂടാതെ അറബിക്, ഉർദു എന്നിവയും മൈനർ ബിരുദ പ്രോഗ്രാമുകളായി തെരഞ്ഞെടുക്കാവുന്നതാണ്. നാല് വർഷ ബിരുദ സമ്പ്രദായത്തിൽ മൂന്ന് വിധത്തിൽ ബിരുദ പ്രോഗ്രാം പൂർത്തിയാക്കുവാൻ കഴിയും. മൂന്ന് വർഷ ബിരുദം, നാല് വർഷ ഓണേഴ്സ് ബിരുദം, നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിവയാണവ. പ്രവേശനം ലഭിച്ച് മൂന്നാം വർഷം പ്രോഗ്രാം പൂർത്തിയാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് എക്സിറ്റ് ഓപ്ഷൻ ഉപയോഗപ്പെടുത്തി പഠനം പൂർത്തിയാക്കി മേജർ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷ ബിരുദം നേടാവുന്നതാണ്. നാല് വർഷം പഠനം പൂർത്തിയാക്കുന്നവർക്ക് നാല് വർഷ ഓണേഴ്സ് ബിരുദം ലഭിക്കും. നാലാം വർഷം നിശ്ചിത ക്രെഡിറ്റോടെ ഗവേഷണ പ്രോജക്ട് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കുന്നതാണ്.

കാലടി മുഖ്യ ക്യാമ്പസിൽ സംസ്കൃതംസാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതംവ്യാകരണം, സംസ്കൃതംന്യായം, സംസ്കൃതംജനറൽ, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) , സംഗീതം, ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം എന്നീ നാല് വർഷ ബിരുദ പ്രോഗ്രാമുകളാണുള്ളത്. തിരുവനന്തപുരം (സംസ്കൃതം ന്യായം, ഫിലോസഫി), പന്മന (സംസ്കൃതം വേദാന്തം, മലയാളം), കൊയിലാണ്ടി (സംസ്കൃതം വേദാന്തം, ജനറൽ, ഹിന്ദി), തിരൂർ (സംസ്കൃതം വ്യാകരണം, ഹിസ്റ്ററി, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.), പയ്യന്നൂർ (സംസ്കൃതം സാഹിത്യം, മലയാളം, സോഷ്യൽ വർക്ക് (ബി. എസ്. ഡബ്ല്യു.) ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം, ഹിന്ദി) എന്നീ പ്രാദേശിക ക്യാമ്പുസ്സുകളിലും നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാവുന്നതാണ്. സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/ രൂപ വീതം സർവ്വകലാശാല സ്കോളർഷിപ്പ് നൽകുന്നതാണ്.

ഡാൻസ് ഭരതനാട്യം, ഡാൻസ് മോഹിനിയാട്ടം, സംഗീതം എന്നിവ മുഖ്യവിഷയമായ ബിരുദ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2024 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ് .

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് ഈ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കുവാൻ കഴിയും. മറ്റൊരു യുജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 50 രൂപയും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 25 രൂപയുമാണ്. അപേക്ഷകൾ https://ugadmission.ssus.ac.in വഴി ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ ഏഴ്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

# ഹൃദ്രോഗങ്ങളിലെ സങ്കീർണ്ണതകൾ: നൂതന ചികിൽസയും സങ്കേതിക വിദ്യയും സാധാരണക്കാർക്കും ഉറപ്പുവരുത്തണം

**കൊച്ചി:** ഹൃദ്രോഗ ചികിത്സയിലെ സങ്കീർണ്ണതകളും, അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള മികച്ച നടപടിക്രമങ്ങളും ചർച്ച ചെയ്ത് ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകളുടെ ദ്വിദിന സമ്മേളനം സംഘടിപ്പിച്ചു..




ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ ഓഫ് കേരള (ഐസിസികെ) യുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സമ്മേളനം ഐസിസികെ പ്രസിഡന്റ് ഡോ. ആശിഷ്കുമാർ എം ഉദ്ഘാടനം ചെയ്തു.കീറി മുറിക്കൽ ഇല്ലാത്ത കത്തീറ്റർ അധിഷ്ഠിത കീ ഹോൾ ചികിത്സകളും, ആൻജിയോപ്ലാസ്റ്റി സുഗമമാക്കുന്ന ഇമേജിംങ്ങ് സങ്കേതിക വിദ്യയും സാർവത്രികമായി വരുന്നു. ഇവയുടെ പ്രയോജനം എല്ലാ സാധാരണക്കാർക്കും ഉറപ്പുവരുത്താൻ ആരോഗ്യ മേഖലയ്ക്ക് കഴിയണമെന്ന് ഡോ. ആശിഷ്കുമാർ എം പറഞ്ഞു.

കാര്യക്ഷമമായ വ്യക്തിഗത ചികിത്സ താങ്ങാവുന്ന ചിലവിൽ എല്ലാ രോഗികൾക്കും നൽകാൻ സാധിക്കണം. ഉയർന്ന ചികിത്സയുടെ ലഭ്യതയാണ് സുപ്രധാനം. ഇതിനായി ഹൃദ്രോഗ ചികിത്സയി അത്യന്താധുനിക നടപടിക്രമങ്ങളെക്കുറിച്ചും നേരത്തെയുള്ള ചികിത്സയുടെ പ്രയോജനങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം വളർത്തണമെന്നും ഡോ. ആശിഷ്കുമാർ പറഞ്ഞു. ഐസിസികെ വൈസ് പ്രസിഡന്റും സയന്റിഫിക് കമ്മിറ്റി ചെയർമാനുമായ ഡോ. മധു ശ്രീധരൻ,ഓർഗനൈസിങ് സെക്രട്ടറി ഡോ. ബി സി രഞ്ജുകുമാർ, ഡോ. രമേഷ് നടരാജൻ തുടങ്ങിയവർ സംസാരിച്ചു.പ്രൈമറി പെർക്യുട്ടേനിയസ് കൊറോണറി ഇന്റർവെൻഷൻ (പിസിഐ), ക്രോണിക് ടോട്ടൽ ഒക്ലൂഷൻ, ലെഫ്റ്റ് മെയിൻ ഇന്റർവെൻഷനുകൾ, , പെരിഫറൽ ഇന്റർവെൻഷനുകൾ, അയോർട്ടിക് ഇന്റർവെൻഷനുകൾ, എന്നിവയിൽ വരുന്ന സങ്കീർണതകളും മറ്റ് വെല്ലുവിളിയാവുന്ന സാഹചര്യങ്ങളും അനുയോജ്യമായ നടപടിക്രമങ്ങളും വിദഗ്ദർ ചർച്ച ചെയ്തു.സംസ്ഥാനത്തുടനീളമുള്ള ഇരുന്നൂറിലധികം ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുത്തു.

# ഇന്ത്യൻ ഓയിൽ പ്രീമിയം ഇന്ധനം എക്സ്പി 100 ശ്രീലങ്കയിലേക്ക് കയറ്റുമതി ചെയ്യുന്നു

**കൊച്ചി:** ഇന്ത്യയുടെ ഊർജ്ജ കമ്പനിയായ ഇന്ത്യൻ ഓയിൽ ശ്രീലങ്കയിലേക്കുള്ള തങ്ങളുടെ 100 ഒക്ടേൻ പ്രീമിയം ഇന്ധനമായ എക്സ്പി 100ന്റെ ആദ്യ ലോഡ് കയറ്റുമതി ചെയ്തു.

നവി മുംബൈയിലെ നവ ഷെവയിലെ ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ ഓയിൽ മാർക്കറ്റിങ് ഡയറക്ടർ വി. സതീഷ് കുമാർ ഉദ്ഘാടന ഷിപ്പ്മെന്റ് ഫ് ളാഗ് ഓഫ് ചെയ്തു. ചടങ്ങിൽ ലങ്ക ഐഒസി ചെയർമാൻ സുജോയ് ചൗധരി, ട്രാഫിക് ജി എം ഗിരീഷ് തോമസ്, ജെഎൻപിഎ, ലങ്ക ഐഒസി ടീം, ഇന്ത്യൻ ഓയിൽ ജീവനക്കാർ, തുറമുഖ അധികൃതർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പ്രീമിയം ഹൈഎൻഡ് വാഹനങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ് എക്സ്പി 100.ഇന്ത്യൻ ഓയിലിന്റെ തദ്ദേശീയമായ ഒക്ടമാക്സ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി, ഇന്ത്യയിലെ ആദ്യത്തെ 100 ഒക്ടേൻ പെട്രോൾ എക്സ്പി 100 ആഭ്യന്തരമായി വികസിപ്പിച്ചതാണ്. ഉയർന്ന നിലവാരമുള്ള വാഹനങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന എക്സ്പി 100 അതിന്റെ അസാധാരണമായ ആന്റിനോക്ക് പ്രോപ്പർട്ടികൾ, എഞ്ചിൻ പ്രകടനം, വേഗതയേറിയ ആക്സിലറേഷൻ, സുഗമമായ ഡ്രൈവബിലിറ്റി, മെച്ചപ്പെട്ട ഇന്ധനക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്നു. ഉയർന്ന കംപ്രഷൻ റേഷ്യോ എഞ്ചിനുകളിലെ എഞ്ചിൻ നിക്ഷേപങ്ങളും ഉദ്വമനവും കുറയ്ക്കുകയും വാഹനത്തിന്റെ പ്രകടനവും ദീർഘായുസ്സും ഒപ്റ്റിമൈസ് ചെയ്യുകയും അറ്റകുറ്റപ്പണികൾ കുറയ്ക്കുകയും ചെയ്യുന്നു. കട2796 സ്പെസിഫിക്കേഷനുകൾ മറികടക്കുന്ന ടെയിൽ പൈപ്പ് ഉദ്വമനം ഗണ്യമായി കുറയ്ക്കുന്ന പരിസ്ഥിതി സൗഹൃദ ഇന്ധനം കൂടിയാണ് എക്സ്പി 100 യെന്ന് ഇന്ത്യൻ ഓയിൽ ഡയറക്ടർ (മാർക്കറ്റിംഗ്) വി. സതീഷ് കുമാർ പറഞ്ഞു.

# സ്നാപ്ഡ്രാഗൺ 8എസ് ജെൻ 3 പ്രൊസസറുമായി പോക്കോ

**ന്യൂഡൽഹി:** ന്യൂ ഡൽഹിയിൽ നടന്ന എക്സ്ക്ലൂസീവ് മീഡിയ ഇവന്റിൽ, ക്വാൽകോം ടെക്നോളജീസ് നാപ്ഡ്രാഗൺണ്ണ 8എസ് ജെൻ 3 മൊബൈൽ പ്ലാറ്റ്ഫോം പ്രദർശിപ്പിച്ചു. ഈ മാസം അവസാനം പുറത്തിറക്കുന്ന പുതിയ പോക്കോ എഫ്6ൽ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്നാപ്ഡ്രാഗൺ 8എസ് ജെൻ 3 മൊബൈൽ പ്ലാറ്റ്ഫോം, അവലംബിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്മാർട്ട്ഫോൺ ബ്രാൻഡുകളിലൊന്ന് തങ്ങളാണെന്ന് പോക്കോ അറിയിച്ചു.




# ഫോൺപേ ലങ്കാപേയുമായി കൈകോർക്കുന്നു

**കൊച്ചി:** ലങ്കാപേയുമായി സഹകരിച്ച് ലങ്ക ക്യു ആർ മർച്ചന്റ് പോയിന്റുകളിലുടനീളം യുപി ഐ പേയ്മെന്റ് സ്വീകരിക്കുന്നത് പ്രവർത്തനക്ഷമമാക്കിയതായി ഫോൺപേ അറിയിച്ചു. ചടങ്ങിൽ ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝാ മുഖ്യാതിഥിയായിരുന്നു. ഇന്ത്യയും ശ്രീലങ്കയും തമ്മിൽ മൊത്തത്തിലുള്ള കണക്റ്റിവിറ്റിയിൽ ഫിൻടെക് കണക്റ്റിവിറ്റി വഹിച്ച പ്രധാന പങ്ക് അദ്ദേഹം എടുത്തുപറഞ്ഞു. ഈ സഹകരണത്തിലൂടെ ശ്രീലങ്കൻ വ്യാപാരികൾക്ക് പുതിയ അവസരങ്ങൾ തുറക്കുന്നതിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരവും നേട്ടവുമാണെന്ന് ശ്രീലങ്കൻ സെൻട്രൽ ബാങ്ക് ഗവർണർ ഡോ. നന്ദലാൽ വീരസിംഗ പറഞ്ഞു.

# ചെടിച്ചട്ടിയിലെ കുഞ്ഞൻ കൗതുകം

വൻവൃക്ഷങ്ങളുടെ വളർച്ച നിയന്ത്രിച്ച് കുഞ്ഞൻ മരങ്ങളാക്കി ചെടിച്ചട്ടികളിൽ വളർത്തുന്ന ജപ്പാനീസ് കലയാണ് ബോൺസായ്. 'ബോൺ' എന്നും 'സായി' എന്നുമുള്ള രണ്ട് ജപ്പാനീസ് വാക്കുകളിൽ നിന്നാണ് ബോൺസായ് എന്ന പദമുണ്ടായത്.

ആഴം കുറഞ്ഞ പാത്രത്തിൽ വളർത്തുന്ന സസ്യം എന്നാണ് ഈ വാക്കിൻറെ അർഥം. കാഴ്ചയിൽ കൗതുകം ഉണർത്തുന്ന ഈ കുഞ്ഞൻ മരങ്ങൾക്ക് വർഷങ്ങൾ നീണ്ട കൃത്യമായ പരിചരണം അത്യാവശ്യമാണ്. പൂന്തോട്ടങ്ങളിലും ഇൻഡോർ ഉദ്യാനങ്ങളിലും ഇവയെ വളർത്താം.

കൃത്യമായ പ്രൂണിംഗും പരിപാലന മുറകളുമുണ്ടെങ്കിൽ ഇഷ്ടപെട്ട ആകൃതിയിലുള്ള ബോൺസായ് വീട്ടിൽ തന്നെ തയ്യാറാക്കാം. പേരാൽ, അരയാൽ, വാളൻപുളി, ബൊഗൈൻവില്ല, അഡീനിയം തുടങ്ങിയവയൊക്കെ ബോൺസായ്ക്ക് അനുയോജ്യമാണ്.



**ചെടി തെരഞ്ഞെടുക്കുമ്പോൾ**

നല്ല ശിഖരങ്ങളും ചെറിയ ഇലകളും വേഗം വേര് പിടിച്ചു കിളിർക്കാൻ ശേഷിയുള്ളതുമായ ചെടികൾ വേണം തെരഞ്ഞെടുക്കാൻ. അതോടൊപ്പം ഭംഗിയുള്ള പുറം തൊലിയും താങ്ങ് വേരുകളുമുണ്ടെങ്കിൽ ബോൺസായിയുടെ ആകർഷണീയത കൂടും.

**വളർത്തുന്ന രീതി**

മണ്ണ്, മണൽ, അഴുകിയ കരിയില (അല്ലങ്കിൽ ചാണകപ്പൊടി) എന്നിവ ചേർത്ത് പോട്ടിംഗ് മിശ്രിതം തയാറാക്കിയശേഷം അതിൽ ബോൺസായ് തയാറാക്കാൻ ഉദ്ദേശിക്കുന്ന മരത്തിൻറെ തൈ, വിത്ത്, മുറിച്ച തണ്ട് എന്നിവ നടുകയാണ് ആദ്യം ചെയ്യേണ്ടത്.

തൈയാണ് നടുന്നതെങ്കിൽ അതിൻറെ തായ് വേരും അധികമായി വളർന്ന് നിൽക്കുന്ന ശിഖരങ്ങളും മുറിച്ചശേഷം നടണം. എപ്പോഴും ചെടിച്ചട്ടിയിൽ നനവ് നിലനിർത്താൻ ശ്രദ്ധിക്കുക. രണ്ടാഴ്ചയിൽ ഒരിക്കൽ നേർപ്പിച്ച ജൈവവളം മിതമായ അളവിൽ നൽകണം.

**പ്രൂണിംഗും വയറിംഗും**

പുതുതായി കിളിർത്തു വരുന്ന ഇലകളും ശിഖരങ്ങളും ആവശ്യമുള്ളതു മാത്രം നിർത്തി മറ്റുള്ളവ വെട്ടിയൊതുക്കുക. നമുക്ക് ഇഷ്ടമുള്ള ആകൃതിയിലേക്കു ബോൺസായ് രൂപപ്പെടുത്താൻ വയറിംഗ് ചെയ്യേണ്ടതാണ്.

ഇതിനായി കനം കുറഞ്ഞ കന്പി ഉപയോഗിച്ചു ശിഖരങ്ങൾ അനുയോജ്യമായ രൂപത്തിലേക്കു കെട്ടി വയ്ക്കണം. സാധാരണയായി ചെന്പ് അല്ലെങ്കിൽ അലുമിനിയം കന്പികളാണ് ഇതിന് ഉപയോഗിക്കുന്നത്.

**റീ പോട്ടിംഗ്**

ഒന്നോ രണ്ടോ വർഷം കൂടുന്പോൾ ബോൺസായ് ചെടികൾ ആഴം കുറഞ്ഞ മറ്റൊരു ചട്ടിയിലേക്കു മാറ്റി നടണം. ഇതിനായി ചെടികൾ വളരെ ശ്രദ്ധാപൂർവം ചട്ടിയിൽ നിന്നു പുറത്ത് എടുക്കണം.

പിന്നീട് തായ് വേര് ഉൾപ്പെടെ മൂന്നിൽ ഒരു ഭാഗം വേരുകൾ വെട്ടിമാറ്റി പോട്ടിംഗ് മിശ്രിതം നിറച്ച പുതിയ ചട്ടിയിലേക്കു മാറ്റി നടണം. മുകളിൽ വിവരിച്ച പരിപാലന മുറകൾ റീ പോർട്ടിംഗിനു ശേഷവും തുടരേണ്ടതാണ്.

ഒരു വൃക്ഷം വളർന്ന് ബോൺസായ് ആയി രൂപപ്പെടാൻ ഏകദേശം 10 മുതൽ 15 വർഷം വരെ വേണ്ടിവരും. എന്നാൽ അഡീനിയം പോലെയുള്ള ചെടികൾക്ക് വളരെ വേഗം ബോൺസായ് ആകാൻ കഴിയും.

# നടീൽ കാലമായി, നല്ല തൈകൾ നന്നായി നടാം

വിത്തുപയോഗിച്ചും ബഡിങ്, ഗ്രാഫ്റ്റിങ് രീതികളിലും റംബുട്ടാൻ തൈകൾ തയാറാക്കാം. ആൺചെടികൾ ഉണ്ടാകുന്നതിനാലും വിളവിലെത്താൻ 810 വർഷമെടുക്കുന്നതിനാലും വിത്തുതൈകൾ വാണിജ്യക്കൃഷിക്കു പറ്റില്ല.

ഒട്ടുതൈകളുണ്ടാക്കാൻ ആരോഗ്യമുള്ള മരങ്ങളിൽനിന്നു വിത്ത് ശേഖരിക്കണം. വിത്തുകൾക്ക് സൂക്ഷിപ്പു കാലാവധി കുറവായതിനാൽ ഉണങ്ങിപ്പോകാതെ ശ്രദ്ധിക്കുകയും 45 ദിവസത്തിനുള്ളിൽ പ്രത്യേക തവാരണകളിൽ പാകി മുളയ്ക്കുന്നതിനു സാഹചര്യമൊരുക്കുകയും വേണം. മുളച്ചു വരുന്ന തൈകളിൽനിന്ന് ആരോഗ്യമുള്ളതും തായ്‌വേരുകൾ നേരെ വളരുന്നതുമായ തൈകൾ എടുത്ത് പോളിത്തീൻ കവറുകളിലോ റൂട്ട് ട്രെയിനർ കപ്പുകളിലോ നട്ടു പരിപാലിക്കുക. ശരിയായി പരിപാലിച്ചാൽ ഈ തൈകൾ 4,5 മാസത്തിനകം ബഡ് ചെയ്യാം.



**ഇനങ്ങൾ:** സീസർ, കിങ്, റോങ്റിയാൻ, മൽവാന, സ്കൂൾ ബോയ്, ച18 തുടങ്ങി ഒട്ടേറെ ഇനങ്ങൾ ലഭ്യമാണെങ്കിലും ഉയർന്ന വിളവും സൂക്ഷിപ്പുകാലാവധിയുമുള്ള ച18 ആണ് വാണിജ്യക്കൃഷിക്കു കൂടുതൽ യോജ്യം.

**നടുന്ന വിധം:** നീർവാർച്ചാസൗകര്യവും 2,3 മീറ്റർ ആഴം ഉള്ളതും ജൈവാംശം കൂടിയതുമായ പശ്ചിമരാശി മണ്ണാണ് കൃഷിക്കുത്തമം. ഉൽപാദനത്തെ സൂര്യപ്രകാശലഭ്യത നന്നായി സ്വാധീനിക്കുന്നതിനാൽ നല്ല തുറസ്സായ സ്ഥലങ്ങൾ വേണം കൃഷിക്കായി തിരഞ്ഞെടുക്കാൻ. 2 തൈകൾ തമ്മിൽ കാലാവസ്ഥ, സ്ഥലത്തിന്റെ കിടപ്പ്, മണ്ണിന്റെ സ്വഭാവം എന്നിവ അനുസരിച്ച് 8 മുതൽ 12 മീറ്റർ വരെ അകലം നൽകി വേണം നടാൻ. ഏക്കറിൽ 35 , 40 തൈ നടാം. മണ്ണിന്റെ സ്വഭാവം അനുസരിച്ച് രണ്ടര മുതൽ 3 അടി വരെ വീതിയും ആഴവുമുള്ള കുഴികൾ എടുത്ത് 10 കിലോ ജൈവവളവും 250 ഗ്രാം റോക്ക് ഫോസ്ഫേറ്റും മേൽമണ്ണുമായി ചേർത്ത് ഇളക്കി കുഴിയിൽ നിറച്ചശേഷം തൈകൾ നടാം.

**മാങ്കോസ്റ്റിൻ**

റംബുട്ടാനിൽനിന്നു വ്യത്യസ്തമായി ബീജസംയോജനം നടക്കാതെ വിത്തുകൾ ഉൽപാദിപ്പിക്കുന്ന സസ്യമാണ് മാങ്കോസ്റ്റിൻ. തന്മൂലം മാതൃസസ്യത്തിന്റെ എല്ലാ ഗുണങ്ങളും വിത്തുതൈകൾക്കുമുണ്ടാകും. നല്ല വളർച്ചയും രോഗപ്രതിരോധശേഷിയുമുള്ളതും ഗുണനിലവാരമുള്ള കായ്കൾ ഉൽപാദിപ്പിക്കുന്നതുമായ വൃക്ഷങ്ങളിൽനിന്നു വിത്ത് ശേഖരിക്കണം. 25,50 വർഷം പ്രായമുള്ള മരങ്ങളിൽനിന്നു ശേഖരിക്കുന്ന വിത്തുകളിൽനിന്നു കൂടുതൽ ഊർജസ്വലമായ തൈകൾ ഉണ്ടാകുന്നതായി കണ്ടിട്ടുണ്ട്. വിത്തുകളിൽനിന്ന് ഉൽപാദിപ്പിക്കുന്ന തൈകൾ വിളവിലെത്താൻ 8, 12 വർഷമെടുക്കാറുണ്ട്. മാങ്കോസ്റ്റിന്റെ വേരുകളിൽ മൂലലോമങ്ങൾ ഇല്ലാത്തതും അവ ശാഖകളായി പൊട്ടി വളരാത്തതുമാണ് സാവധാനത്തിലുള്ള വളർച്ചയുടെ പ്രധാന കാരണം. 3 വർഷത്തിലേറെ പ്രായമുള്ള തൈകൾ നടുന്നതിലൂടെ ഈ കാലതാമസം കുറയ്ക്കാം. ശരിയായ നനയും വളപ്രയോഗവും ഉറപ്പാക്കിയും തൈവളർച്ച മെച്ചപ്പെടുത്താം.

ക്ലഫ്റ്റ് ഗ്രാഫ്റ്റിങ്, സൈഡ് ക്ലഫ്റ്റ് ഗ്രാഫ്റ്റിങ്, അടുപ്പിച്ചൊട്ടിക്കൽ രീതികളിലൂടെ ഗ്രാഫ്റ്റ് ചെയ്യാമെങ്കിലും പല കാരണങ്ങളാലും മാങ്കോസ്റ്റിനിൽ ഗ്രാഫ്റ്റിങ് ശുപാർശ ചെയ്തിട്ടില്ല. ഗ്രാഫ്റ്റ് തൈകളുടെ വളർച്ച വിത്തു തൈകളുടേതിനെക്കാൾ സാവധാനമാണെന്നാണ് പ്രധാന കാരണം. ഗ്രാഫ്റ്റിങ്ങിന് ആ വശ്യമായ വേരുകാണ്ഡം അഥവാ റൂട്സ് സ്റ്റോക്ക് ഉൽപാദിപ്പിക്കുന്നതിന് 2,3 വർഷമെടുക്കുമെന്നതും കാരണമാണ്.

**ഡ്രാഗൺ ഫ്രൂട്ട്**

ഡ്രാഗൺ ഫ്രൂട്ടിൽ വെള്ള / പർപ്പിൾ /ചുവപ്പ് നിറമുള്ള കാമ്പോടു കൂടിയ പഴങ്ങൾ ഉൽപാദിപ്പിക്കുന്ന ഇനങ്ങൾ ലഭ്യമാണ്. കായയുടെ പുറംതൊലിക്ക് മഞ്ഞ നിറമുള്ള ഇനവും ലഭ്യമാണ്. എല്ലാ ഇനങ്ങളിലും കായ്കൾ ഉണ്ടായ ശിഖരങ്ങൾ കോതുമ്പോൾ അവയിൽനിന്നു 30 സെ.മീ. വലുപ്പമുള്ള കഷണങ്ങൾ മുറിച്ചെടുത്ത് തവാരണകളിൽ പാകി വേര് പിടിപ്പിച്ചാണ് തൈകൾ ഒരുക്കുന്നത്. ചെടികൾ പടർത്താനു ള്ള പോസ്റ്റുകൾ തമ്മിൽ 3 മീറ്റർ അകലം നൽകണം. പോസ്റ്റിന് 7 അടി ഉയരവും വേണം. അവ 2 അടി ആഴത്തിൽ ഉറപ്പിക്കണം.

**പാഷൻ ഫ്രൂട്ട്**

ഗുണനിലവാരമുള്ള മാതൃസസ്യത്തിന്റെ വിത്തു പാകിയും വള്ളികൾ മുറിച്ചുനട്ടും ഗ്രാഫ്റ്റ് ചെയ്തും പതി വച്ചും തൈകൾ ഉണ്ടാക്കാം. വിത്തുപയോഗിക്കുമ്പോൾ പഴങ്ങളിൽനിന്നു പുറത്തെടുത്ത വിത്തുകൾ 12 മണിക്കൂർ വെള്ളത്തിലിട്ടു ഞെരടി വൃത്തിയായി കഴുകണം. അവ പ്രത്യേകം തയാറാക്കിയ മാധ്യമത്തിൽ പാകി ആവശ്യമായ ഈർപ്പം നിലനിർത്തുന്നപക്ഷം 34 ആഴ്ചയ്ക്കുള്ളിൽ മുളയ്ക്കും.

വള്ളികൾ മുറിച്ച് വേരുപിടിപ്പിക്കുമ്പോൾ അധികം പ്രായമാകാത്തതും എന്നാൽ വളരെ ഇളപ്പമല്ലാത്തതുമായ വള്ളികൾ തിരഞ്ഞെടുക്കണം. മുറിച്ചെടുത്ത വള്ളിയുടെ താഴ്ഭാഗത്തെ ഇലകൾ മുറിച്ചു നീക്കിയ ശേഷം മുട്ടുകൾ നടീൽമാധ്യമത്തിനുള്ളിൽ പൂർണമായി മൂടുന്ന വിധം നട്ട് ഈർപ്പം നിലനിർത്താൻ സഹായിക്കുന്ന പോളിത്തീൻ ടണലുകളിൽ സൂക്ഷിക്കണം.ഗ്രാഫ്റ്റ് തൈകൾ ഉണ്ടാക്കുന്നതിനായി മഞ്ഞ നിറത്തിലുള്ള പാഷൻ ഫ്രൂട്ടിന്റെയോ പാഷൻഫ്രൂട്ട് കുടുംബത്തിൽപെടുന്ന ചെടികളുടെയോ വിത്തുതൈകൾ തയാറാക്കണം. ഇത്തരം തൈകളിലേക്ക് തിരഞ്ഞെടുത്ത മാതൃ ചെടികളുടെ വള്ളികൾ ക്ലഫ്റ്റ് ഗ്രാഫ്റ്റിങ് രീതി ചെയ്യാം.

# മോട്ടറോള എഡ്ജ് 50 ഫ്യൂഷൻ പുറത്തിറക്കി

**കൊച്ചി:** മോട്ടറോള എഡ്ജ് ഫ്രാഞ്ചൈസിയിൽ ഏറ്റവും പുതിയ സ്മാർട്ട്ഫോണായ മോട്ടോറോള എഡ്ജ് 50 ഫ്യൂഷൻ പുറത്തിറക്കി. നിരവധി മികച്ച ഫീച്ചറുകളാൽ സബ് 25കെ സ്മാർട്ട്ഫോൺ സെഗ്മെന്റിലെ ഏറ്റവും മികച്ച ഫോണായി എഡ്ജ് 50 ഫ്യൂഷൻ മാറുന്നു. ഐപി 68 അണ്ടർവാട്ടർ പ്രൊട്ടക്ഷൻ സ്മാർട് വാട്ടർ ടച്ച് ടെക്നോളജി, വെളിച്ചം കുറവുള്ളിയിടത്തും ഉപയോഗിക്കാവുന്ന നൂതന സോണിലൈറ്റിയ 700സി സെൻസർ വരുന്ന 50എംപി അൾട്രാ പിക്സൽ പ്രൈമറി ക്യാമറ, കോർണിങ് ഗൊറില്ല ഗ്ലാസ് 5 പരിരക്ഷയോടെയുള്ള 144ഹേർട്സ് 10ബിറ്റ് 6.67' പോൾഇഡ് 3ഡി കർവ്ഡ് ഡിസ്‌പ്ലേ എന്നിവയുണ്ട്. കൂടാതെ, സ്നാപ്ഡ്രാഗൺ 7എസ്സ് ജൻ 2 പ്രോസസറും 12ജിബി വരെ ഇൻബിൽറ്റ് റാമും 256ജിബി സ്റ്റോറേജുമുണ്ട്, 5000എംഎഎച്ച് ബാറ്ററിക്ക് 68വാട്ട് ഫാസ്റ്റ് ചാർജറും 3 ഒഎസ്സ് അപ്ഡേറ്റുകൾക്കൊപ്പം 4 വർഷത്തെ സുരക്ഷാ അപ്ഗ്രേഡുകളും ഉറപ്പുനൽകുന്നുവെന്ന് മോട്ടറോള ഇന്ത്യ മാനേജിംഗ് ഡയറക്ടർ ടി എം നരസിംഹൻ പറഞ്ഞു.



പ്ലാസ്റ്റിക് രഹിതമായതും റീസൈക്കിൾ ചെയ്തതതുമായ മെറ്റീരിയലുകൾ ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ പാക്കേജിംഗാണ്. മാർഷ്മാലോ ബ്ലൂ വീഗൻ ലെതർ ഫിനിഷ്, വെഗൻ സ്വീഡ് ഫിനിഷിൽ ഹോട്ട് പിങ്ക്, അക്രിലിക് ഗ്ലാസ് ഫിനിഷിൽ ഫോറസ്റ്റ് ബ്ലൂ എന്നീ മൂന്ന് പാന്റോൺ കളർ വേരിയന്റുകളിൽ ലഭ്യമായ എഡ്ജ് 50 ഫ്യൂഷൻ മെയ് 22 ഉച്ചക്ക് 12 മണി മുതൽ ഫ്ലിപ്പ്കാർട്ട്, മോട്ടറോള.ഇൻ എന്നിവയിലും പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും വിൽപ്പനയ്ക്കെത്തും.

8ജിബി+128ജിബി വേരിന്റിന് ലോഞ്ച് വില 22,999 രൂപയും ഓഫറുകൾചേർത്ത് 20,999 രൂപയിലും ലഭ്യമാണ്. 12ജിബി+256ജിബി വേരിന്റിന് ലോഞ്ച് വില 24,999 രൂപയും ഓഫറുകൾചേർത്ത് 22,999 രൂപയിലും ലഭിക്കും. ഉപഭോക്താക്കൾക്ക് അത്യാധുനിക സാങ്കേതികവിദ്യയും നൂതനമായ പരിഹാരങ്ങളും എത്തിക്കുന്നതിനുള്ള പ്രതിബദ്ധതയിലെ സുപ്രധാന നാഴികക്കല്ലായ മോട്ടോറോള എഡ്ജ് 50 ഫ്യൂഷൻ അവതരിപ്പിക്കുന്നതിൽ സന്തുഷ്ടരാണെന്നും ടി എം നരസിംഹൻ പറഞ്ഞു.

# പട്ടേൽ കണ്ടെയ്നർ ഓഹരികൾ ഏറ്റെടുത്ത് സെൽവിൻ ട്രേഡേഴ്സ്

**കൊച്ചി:** പട്ടേൽ കണ്ടെയ്നർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൽ തന്ത്രപരമായ നിക്ഷേപം നടത്തി സെൽവിൻ ട്രേഡേഴ്സ് ലിമിറ്റഡ്. അഹമ്മദാബാദ് ആസ്ഥാനമായുള്ള സെൽവിൻ ട്രേഡേഴ്സ് 36% ഓഹരികളാണ് ഏറ്റെടുത്തത്. ഗുജറാത്തിലെ ഭാവ്നഗർ ജില്ലയിൽ ലോജിസ്റ്റിക് കണ്ടെയ്നറുകൾക്കായി പുതിയ നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിന് പിന്തുണ നൽകാൻ സെൽവിൻ ട്രേഡേഴ്സിന്റെ നിക്ഷേപം ഉപയോഗിക്കും. പട്ടേൽ കണ്ടെയ്നർ ലിമിറ്റഡിൽ നിക്ഷേപം നടത്തുന്നതിനുള്ള ധാരണാപത്രം മെയ് 15നാണ് നടപ്പിലാക്കിയതെന്ന് സെൽവിൻ ട്രേഡേഴ്സ് ലിമിറ്റഡിന്റെ എം.ഡി വേദാന്ത് പഞ്ചാൽ പറഞ്ഞു. ലോജിസ്റ്റിക്സിന്റെയും മെറ്റൽസിന്റെയും വ്യവസായത്തിൽ നൂതന നിർമ്മാണ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുകയും കാര്യക്ഷമമായ പ്രവർത്തന സജ്ജീകരണങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ പട്ടേൽ കണ്ടെയ്നർ ലിമിറ്റഡിലെ ഈ നിക്ഷേപത്തിൽ നിന്ന് സെൽവിൻ ട്രേഡേഴ്സിന് ഫലപ്രദമായ നേട്ടങ്ങൾ പ്രതീക്ഷിക്കുന്നബായി വേദാന്ത് പഞ്ചാൽ കൂട്ടിച്ചേർത്തു.

SELLWIN TRADERS LIMITED

# ഡിപിഐഐടി ഡ്രൈവുമായി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കോഴിക്കോട്:** കേരള സ്റ്റാർട്ടപ്പ് മിഷൻ മലബാർ മേഖലയിൽ നടത്തുന്ന ഡിപിഐഐടി(ഡിപാർട്ട്മൻറ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ്) ബോധവത്കരണ പരിപാടിയുടെ ഭാഗമായുള്ള യുഐഡി ഡ്രൈവിന് വ്യാഴാഴ്ച തുടക്കമാകും. വയനാട് ജില്ലയിലെ പരിപാടി മെയ് 23ന് മേപ്പാടിയിലെ ഡോ. മൂപ്പൻസ് ഐനെസ്റ്റിൽ നടക്കും. വൈകീട്ട് രണ്ട് മുതൽ നാല് വരെയാണ് പരിപാടി.മെയ് 30 കോഴിക്കോട് എൻഐടി ടിഐബി, ജൂൺ ആറ് മലപ്പുറം സർക്കാർ മെഡിക്കൽ കോളേജ്, ജൂൺ 13 കണ്ണൂർ സർവകലാശാല ടിഐബി, ജൂൺ 20 കാസർകോഡ് കേന്ദ്രസർവകലാശാല എന്നിവിടങ്ങളിലാണ് യുഐഡി ഡ്രൈവ് നടക്കുന്നത്. പാലക്കാട് ജില്ലയ്ക്കായി ഐഐടിയിലെ ടിഐബി ടെക്ഇന്നിൽ മെയ് പതിനേഴിന് നടന്ന യുഐഡി ഡ്രൈവിന് മികച്ച പ്രതികരണമായിരുന്നു.ഈ പരിപാടിയിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ഡിപിഐഐടി അംഗീകാരവും കെഎസ് യുഎം യൂണിക്ക് ഐഡി സ്വന്തമാക്കാനുമുള്ള മാർഗനിർദേശം ലഭിക്കും. കൂടാതെ, കേരള സ്റ്റാർട്ടപ്പ് മിഷൻറെ ലഭ്യമായ ഗ്രാൻറുകൾ പദ്ധതികൾ ലീപ് കോവർക്ക് സ്പേസുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ലഭ്യമാകും.സീറ്റുകൾ പരമിതമാണ്. കൂടുതൽ വിവരങ്ങൾക്ക് https://ksum.in/UID_Drive സന്ദർശിക്കുക.

# അജൂണി ബയോടെക് അവകാശ ഓഹരി ഇഷ്യു 21 മുതൽ

**കൊച്ചി:** പ്രമുഖ അനിമൽ ഹെൽത്ത് കെയർ സൊല്യൂഷൻസ് കമ്പനിയായ അജൂണി ബയോടെക് ലിമിറ്റഡിന്റെ 43.81 കോടി രൂപയുടെ അവകാശ ഓഹരി ഇഷ്യൂ ഇന്നുമുതൽ (മെയ് 21) ആരംഭിക്കും. ഇഷ്യൂ വഴി സമാഹരിക്കുന്ന ഫണ്ട്, സ്ഥലം ഏറ്റെടുക്കൽ, സൈറ്റ് വികസനം, സിവിൽ ജോലികൾ, പ്ലാന്റ്, മെഷിനറി എന്നിവ ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾക്കായി വിനിയോഗിക്കും. ഒരു ഷെയറിന് 5 രൂപ എന്ന നിരക്കിൽ ഓഫർ ചെയ്യുന്ന ഇഷ്യൂ 31ന് അവസാനിക്കും.

Ajooni biotech

ഇഷ്യൂവിന്റെ വരുമാനം കമ്പനിയുടെ ബാലൻസ് ഷീറ്റിനെ കൂടുതൽ ശക്തിപ്പെടുത്തുകയും അതിന്റെ വിപുലീകരണ പദ്ധതികൾക്കും തന്ത്രപരമായ വളർച്ചാ സംരംഭങ്ങൾക്കും ധനസഹായം നൽകുകയും ചെയ്യുമെന്നു അജൂണി ബയോടെക് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ജസ്ജോത് സിംഗ് പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663